# രണ്ടു് കവിതകൾ

ഉദയചന്ദ്രൻ, സി. പി.



രണ്ടു് കവിതകൾ
Udayachandran, C. P.
(Malayalam: Poem)

© 2020, Udayachandran, C. P.
These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: The Shepherd and his Flock, a painting by Narcisse Virgilio Díaz (1807–1876). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പുഷ്പിണിയായ എന്റെ മകളോട്

വരവേൽക്കു നീ സ്ത്രീത്വത്തിൻ സത്തയെ,
അറിയുക നിന്റെ സ്വന്തമാം സ്വത്തത്തെ.
നിറപൂർണയായിന്നിതാ നിന്നിലെ വർണങ്ങൾ
വിടരുന്നു, വിരിയുന്നു, ഋതുഭദം കലരുന്നു.

എന്ത് ഞാൻ ചൊല്ലേണ്ടു, എൻ ഉള്ളിന്റെ ഉള്ളിലെ
സന്തോഷവർഷമോ, പേർത്തും
പെരുകുമാ ഭീതി തൻ ബാധയോ?
അമ്മതൻ മാറിടം ചുരത്തുന്ന പാലുപോൽ
നൈർമല്യമോലുന്ന മൊഴികളിവ,
നീ കാതോർത്തു കേൾക്കുക, മറക്കാതിരിക്കുക.

കനവിന്റെ നൂലുകൾ ഇഴചേർത്തി നെയ്തൊരാ
കൂടിനു വെളിയിൽ നീ വന്നീടുമ്പോൾ,
ഓർക്കുന്നു ഞാൻ
എന്റെ പിന്നിട്ട നാളുകൾ, ഓർമ തൻ പുസ്തക–
ത്താളുകൾക്കിടയിൽ സൂക്ഷ്മമായ് വെച്ചൊരാ
മയിൽപ്പീലിത്തുണ്ടിതാ വർണവിസ്മയം കാണിച്ചു
കിടക്കുന്നു.

പാറിയുയർന്നുവോ? ചിറകുകൾ
വിടർത്തിയോ സ്വപ്നശലഭങ്ങൾ?
എന്നിലും കുഞ്ഞേ, നിന്റെ മനസ്സിലെ
ദർപണബിംബമായ് കാണുന്നതാരെ ഞാൻ?
എന്നിലെ നിന്നെയോ, നിന്നിലെ എന്നെയോ?

ഓർത്തു് വക്കോമലേ,
ധന്യമായ് കരുതേണ്ട നാളിതു,
നിന്റെ സ്ത്രീത്വം കുറിക്കും മുഹൂർത്തമിതല്ലയോ?
മാതൃത്വമല്ലെയോ, സ്ത്രീത്വത്തിൻ
നിറവും, നിറമും, സ്വത്വമും.
ശ്രേഷ്ഠമാം ഭാവമതേൽക്കുവാൻ,
പുണ്യമാ ഭാരമതേറ്റുവാൻ
പ്രകൃതി നിനാക്കായ് കല്പിച്ച വരമിതു്.

എങ്കിലും, പൈതലേ, ഇന്ന് നീ
പുഷ്പിണിയായ ദിനമതിൽ,
നിന്റെ മനമാകെ കലങ്ങിയോ?
നിൻ കൺകളിലാശങ്ക നിറഞ്ഞുവോ,
കരിമേഘങ്ങൾ നിരന്നുവോ?

എന്നിലും പൈങ്കിളീ, ഉള്ളമുണ്ടാവണേ,
നേരറിയുവാൻ, നേരിനെ നേരിടാൻ.
വിസ്മരിക്കരുതോമലേ യാഥാർത്ഥ്യമെപ്പൊഴും,
നിന്നെ ചൂഴ്ന്നുണ്ട് നിൽപ്പൂ,
ആണെന്ന ജാതി, ഹിംസ്രമാം ജീവികൾ.
ചെഞ്ചോരക്കണ്ണുമായ്, നിൻ മേനിയെ
കീറിപ്പറിക്കുവാനവർ നിൻ ചുറ്റുമോടുന്നു,
വെറിയരായ്, വേട്ട-നായ്ക്കളായ്.

കലരാത്ത ഉണ്മയിതറിയണം നീ.
വിശ്വാസമരുതെന്ന് ചൊല്ലുകില്ലെങ്കിലും,
അതിരറ്റ വിശ്വാസമരുതു്, പൊൻകണ്മണീ
ആണെന്ന ജാതിക്കു മീതെ.
നിണ്ടെ മനസ്സിലെ ചോദ്യശരങ്ങൾ–
ക്കുത്തരം എല്ലാം എനിക്കില്ല മോളെ.
എന്തിനെന്നെന്തിനെന്നെന്തിനെന്നും?
പിന്നെ, എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ടെന്നും?
ആണുങ്ങളാർക്കുമേൽ വിശ്വാസമർപ്പിക്കാം
എന്ന നിൻ ചോദ്യത്തിനുത്തരം കേട്ടോളൂ:
“പത്തു വയസ്സിനു കീഴിലെ ബാലന്മാർ, ഒന്നതു്,
പിന്നെയോ, ശ്വാസം നിലച്ച
നിർജ്ജീവരാം പുരുഷരും”.

കരുതലായിരിക്കേണമോമലേ
ഊട്ടിവളർത്തീടുകെന്നും മനസ്സിലൊരു കാകനെ.
എങ്ങോട്ടു പോകിലും നിർഭയം സ്വതന്ത്രമായ്,
കാകനാകട്ടെ നിൻ കണ്ണുകൾ,
കാക്കട്ടെ നിന്നെ നിൻ ചുവടുകൾ.

മകളേ, വളരുക, വളർത്തുക,
അടങ്ങാത്ത ശക്തിയായ്, ഒടുങ്ങാത്ത വീര്യമായ്,
സ്ത്രീത്വത്തിൻ ദാഹമായ്, ദുർഗ്ഗയായമ്മയായ്.
സർപ്പശക്തിയായ് നിന്നിലുണരട്ടെ ജീവനും.
ഭൂമിക്കു ജീവനായ്, ജീവന്റെ ഭൂമിയായ്,
ജീവൽചൈതന്യത്തിനുറവയായ്,
വൻവടവൃക്ഷമായ് പകരട്ടെ, പടരട്ടെ നീ.

# അവനും അവനും

മണ്ണൊന്ന്.
വിണ്ണൊന്ന്.

ഒരേ ചോര, ഒരേ മജ്ജ
ഒരേ മാംസം, ഒരേ അസ്ഥി
ശ്വാസവുമൊന്ന്.

... എങ്കിലോ?

വിശ്വാസമൊരൊന്ന്!
ചിന്തകളോരോന്ന്!

ചിന്തകളിലേതെങ്കിലുമൊന്നിനെതിരോ?
വിശ്വാസങ്ങളിലേതെങ്കിലും ഒന്നിനെതിരോ?

എതിർനിൽക്കുന്നവനതാരായാലും
തൻ ചിന്തകൾക്ക് കൂട്ടില്ലാത്തവൻ...!
തൻ വിശ്വാസത്തിനു കൂറ് കല്പിക്കാത്തവൻ...!
അവനെതിരെ,
ഉടവാളെടുക്കുക,
പടവാളെടുക്കുക.

എൻ വിശ്വാസമില്ലാത്തവന്
ശ്വാസമതെന്തിന്?
അവനെ മണ്ണിനോട് ചേർക്കുക.

എല്ലാം കഴിഞ്ഞവസാനം...
അതേ മണ്ണിലവനും ചേരും.

അവിടെച്ചെന്നും അവൻ
പടവെട്ടുന്നുണ്ടാവുമോ?

□

## ഉദയചന്ദ്രൻ, സി. പി.



പാലക്കാട് പറളി സ്വദേശി. പറളി സ്കൂളുകളിലും പാലക്കാട് വിക്ടോറിയ കോളജിലും പഠിത്തം. ഇൻഷ്വറൻസ് കമ്പനികളിൽ ജോലി ചെയ്തു. ഇപ്പോൾ എറണാകുളത്തു താമസം.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014